**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3303** **11-03-2025 - ൽ മറുപടിയ്ക്ക്**

**കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളുടെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന പെൻഷനും, പ്രസവ ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തികമായി സ്വയംപര്യാപ്തമല്ലാത്തതിനാൽ, സർക്കാർ ധനസഹായം ഉപയോഗിച്ചാണ് ക്ഷേമനിധി പെൻഷൻ വിതരണം ചെയ്തുവരുന്നത്. സർക്കാർ അനുവദിച്ചിട്ടുള്ള 2024 നവംബർ മാസം വരെയുള്ള പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള പ്രസവ ധനസഹായമായ 2,000/-രൂപയും, സർക്കാരിൽ നിന്നുള്ള അധിക പ്രസവ ധനസഹായമായ 13,000/- രൂപയും ചേർത്താണ് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് 15,000/- രൂപ പ്രസവാനുകൂല്യം വിതരണം ചെയ്യുന്നത്. നാളിതുവരെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അധിക പ്രസവ ധനസഹായം വിതരണം ചെയ്ത ഇനത്തിൽ 10,68,60,000/- രൂപ (പത്ത് കോടി അറുപത്തിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) സർക്കാർ പ്രതിപൂരണം ചെയ്ത് നൽകാനുണ്ട്. ബോർഡ് വിഹിതമായ 2000/- രൂപ വീതം വിതരണം ചെയ്തിട്ടുള്ള 2024 ഡിസംബർ 31 വരെയുള്ള 5931 ഗുണഭോക്താക്കൾക്ക് അധിക പ്രസവ ധനസഹായ ഇനത്തിൽ സർക്കാർ വിഹിതമായ 13,000/- രൂപ വീതം 7,71,03,000/- രൂപ (ഏഴ് കോടി എഴുപത്തിയൊന്നായിരത്തി മൂവായിരം രൂപ മാത്രം) വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്. |
| (ബി) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന പെൻഷനും പ്രസവ ആനുകൂല്യങ്ങളുമടക്കം സമയബന്ധിതമായി കുടിശിക തീർപ്പാക്കി നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | പെൻഷൻ വിതരണത്തിനായി സർക്കാർ തുക അനുവദിക്കുന്ന മുറയ്ക്ക് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്തുവരുന്നുണ്ട്. ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അധിക പ്രസവ ധനസഹായം ഇനത്തിൽ വിതരണം ചെയ്ത തുക |

| | | | |
|---|---|---|---|
| | | | പ്രതിപൂരണം ചെയ്ത് നൽകുന്ന മുറയ്ക്ക് മാത്രമേ ടി ഇനത്തിലെ കുടിശ്ശിക തീർപ്പാക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ